പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2537 — 27.01.2014- ലെ മറുപടിക്ക്

## ദന്താരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്ത് പുകയില, പാൻമസാല ഉൽപ്പനങ്ങൾക്കെതിരായിട്ടുള്ള ബോധവൽകരണ പരിപാടികൾ ആരോഗ്യ വകുപ്പിൽ ആരുടെ മേൽ നോട്ടത്തിലാണ് നടത്തി വരുന്നത്; | എ) | ജില്ലകളിൽ എൻ. സി. ഡി നോഡൽ ഓഫീസർമാർ, സംസ്ഥാനത്തൊട്ടാകെ അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) എന്നീ തലങ്ങളിലാണ് ബോധവൽകരണ പരിപാടികൾ നടന്നു വരുന്നത്. |
| ബി) | ദന്താരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ ഡെന്റൽ ഹെൽത്ത് കോ-ഓർഡിനേറ്റർമാരായി ഡന്റൽ ഹൈജീനിസ്റ്റുകളെ നിയമിക്കുമോ; | ബി) & സി) | ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യ അംഗീകരിച്ച ചുമതലകളും കർത്തവ്യങ്ങളും ആണ് ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികകയ്ക്ക് ഇപ്പോൾ നിലവിലുള്ളത്. ഡെന്റൽ സർജ്ജൻമാരുടെ ചെയർസൈഡ് അസിസ്റ്റന്റായി ജോലി നോക്കുക എന്നതാണ് ടി തസ്തികയിൽപ്പെട്ടവരുടെ പ്രധാന ജോലി. ഡെന്റൽ ഹെൽത്ത് സംബന്ധിച്ച് ക്ലാസ്സുകൾ നടത്തുന്നതിനോ ടി പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനോ ഓറൽ ഹെൽത്ത് സ്ക്രീനിംഗ് നടത്തുന്നതിനോ, ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യ, ഡെന്റൽ ഹൈജീനിസ്റ്റുമാരെ നിയമിക്കുന്നത് അനുവദിച്ചിട്ടില്ല. |
| സി) | വായിലെ അർബുദം ക്രമാതീതമായി വർദ്ധിക്കുന്നത് തടയുന്നതിന് ഓറൽ ഹെൽത്ത് സ്ക്രീനിങ്ങ് നടത്തുവാൻ ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശ പ്രകാരമുള്ള രീതിയിൽ ഡന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം പുന: ക്രമീകരിക്കുമോ? | | |



**സെക്ഷൻ ഓഫീസർ**